"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യവകുപ്പ് - ട്രഷറി വകുപ്പ് - ജീവനക്കാര്യം - ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി ഓഫീസറുടെ പൂർണ്ണ അധികച്ചുമതല അതേ ട്രഷറിയിലെ അസിസ്റ്റന്റ് ജില്ലാ ട്രഷറി ഓഫീസറായ ശ്രീമതി.വിൻസി ഉമ്മന് (PEN.239760) നൽകിയ ട്രഷറി ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(സാധാ)നം.7175/2024/ധന. തിരുവനന്തപുരം, തീയതി 26/09/2024

പരാമർശം :- 1. 18/01/2024 -ലെ ട്രഷറി ഡയറക്ടറുടെ TRY/269/2024-B1 നമ്പർ നടപടിക്രമം
2.11/09/2024 -ലെ ട്രഷറി ഡയറക്ടറുടെ TRY/269/2024-B1 നമ്പർ കത്ത്

**ഉത്തരവ്**

ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി ഓഫീസർ ശ്രീമതി.വി.വിജയലക്ഷ്മി വ്യക്തിപരമായ കാരണങ്ങളാൽ 11/01/2024 മുതൽ 27/01/2024 വരെ പരിവർത്തിതാവധിയിൽ പ്രവേശിച്ച സാഹചര്യത്തിൽ, പ്രസ്തുത ട്രഷറിയുടെ സുഗമമായ പ്രവർത്തനം കണക്കിലെടുത്ത്, ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി ഓഫീസറുടെ പൂർണ്ണ അധികച്ചുമതല അതേ ട്രഷറിയിലെ അസിസ്റ്റന്റ് ജില്ലാ ട്രഷറി ഓഫീസറായ ശ്രീമതി.വിൻസി ഉമ്മന് (PEN.239760) നൽകി ട്രഷറി ഡയറക്ടർ പരാമർശം 1 പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചാർജ്ജ് ക്രമീകരണം സാധൂകരിച്ച് ഉത്തരവാകുന്നതിന് സൂചന 2 പ്രകാരം ട്രഷറി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ ചാർജ്ജ് ക്രമീകരണം സംബന്ധിച്ച ട്രഷറി ഡയറക്ടറുടെ പരാമർശം 1 -ലെ നടപടിക്രമം ഇതിനാൽ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഷിനി രാജൻ**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, പട്ടം, പട്ടം പാലസ് പി ഒ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (ട്രഷറി ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E-2914541)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ